**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3807** **15-07-2022 - ൽ മറുപടിയ്ക്ക്**

**നയതന്ത്ര ചാനൽ മുഖേനയുള്ള സ്വർണ്ണക്കടത്ത് കേസിലെ പ്രതിയുടെ കസ്റ്റഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | നയതന്ത്ര ചാനൽ മുഖേനയുള്ള സ്വർണ്ണക്കടത്ത് കേസിലെ പ്രധാന പ്രതിയെ പാലക്കാട് വിജിലൻസ് കസ്റ്റഡിയിൽ എടുത്തിരുന്നോ; എങ്കിൽ ഏത് കേസ് അന്വേഷണത്തിന്റെ ഭാഗമായാണ് കസ്റ്റഡിയിൽ എടുത്തതെന്ന് വ്യക്തമാക്കുമോ; | (എ) | സ്വർണ്ണക്കടത്ത് കേസിലെ പ്രധാന പ്രതിയെ വിജിലൻസ് സംഘം കസ്റ്റഡിയിൽ എടുത്തിട്ടില്ല. |
| (ബി) | ഈ വ്യക്തിയുടെ ഫോൺ പാലക്കാട് വിജിലൻസ് പിടിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ എന്നാണ് ഫോൺ പിടിച്ചെടുത്തതെന്നും ഏത് കേസുമായി ബന്ധപ്പെട്ട അന്വേഷണത്തിലാണ് ഫോൺ പിടിച്ചെടുത്തതെന്നും വ്യക്തമാക്കുമോ; | (ബി) | പാലക്കാട് വിജിലൻസ് സംഘം പ്രതിയിൽ നിന്നും ഫോൺ പിടിച്ചെടുത്തിട്ടില്ല. |
| (സി) | ഇപ്രകാരം ഫോൺ പിടിച്ചെടുക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും പ്രസ്തുത സംഭവത്തിൽ എന്തൊക്കെ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (സി) | ബാധകമല്ല |
| (ഡി) | തിരുവനന്തപുരം വിജിലൻസ് വിംഗ് അന്വേഷിക്കുന്ന ലൈഫ് മിഷൻ തട്ടിപ്പ് കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥർ മുഖേന ആണോ പ്രസ്തുത ഫോൺ കോടതിയിൽ ഹാജരാക്കിയിട്ടുള്ളത്; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട അഴിമതി ആരോപണങ്ങൾ അന്വേഷിക്കുന്ന അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ പ്രതി നിയമാനുസൃതം ഹാജരാക്കിയ മൊബൈൽ ഫോൺ കോടതിയിൽ ഹാജരാക്കുകയും അത് ഫോറൻസിക് പരിശോധനയ്ക്കായി ലബോറട്ടറിയിലേക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ